**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കാൻ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ പറയുമ്പോഴും നോക്കുകൂലി തർക്കവും അതിന്റെ പേരിലുള്ള മർദ്ദനവും സംസ്ഥാനത്തു കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | നോക്കുകൂലി നിരോധിച്ചിട്ടും പല സ്ഥലത്തും നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിക്കാറുണ്ട്. എങ്കിലും പരാതികൾ കുറവാണ്. ഇത്തരം പരാതികളിൽ അന്വേഷണം നടത്തുമ്പോൾ മനസ്സിലാകുന്നത് ചില സംഭവങ്ങളിൽ ചുമട്ടുതൊഴിലാളികൾ അല്ല, പ്രദേശവാസികളാണ് നോക്കുകൂലി ആവശ്യപ്പെടുന്നത് എന്നാണ്. |
| (ബി) | തിരുവനന്തപുരം പോത്തൻകോട് നോക്കുകൂലി നൽകാത്തതിന് വാർക്കപ്പണിക്കാരെ ചുമട്ടു തൊഴിലാളികൾ മർദ്ദിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | വെമ്പായം കടുവാക്കുഴി യൂണിറ്റിലെ ചുമട്ടുതൊഴിലാളികൾ വാഴയ്ക്കാട് വാർഡിൽ കെട്ടിട നിർമ്മാണ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു ലോഡ് കമ്പി വന്നതിനെ തുടർന്ന് തർക്കങ്ങൾ ഉണ്ടാക്കുകയും നാല് തൊഴിലാളികൾ 10,000 രൂപ നോക്കുകൂലി ആവശ്യപ്പെടുകയും പതിനഞ്ചോളം പേർ സംഘം ചേർന്നെത്തി ഭീഷണിപ്പെടുത്തി പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതായും തുടർന്ന് ടി തൊഴിലാളികൾ അക്രമാസക്തരാവുകയും റോഡ് കയ്യേറിയാണ് നിർമ്മാണം നടത്തുന്നതെന്ന് ആരോപിക്കുകയും ചെയ്തുവെന്നും അങ്ങനെയല്ല, തലേദിവസം വന്ന കമ്പി ലോഡ് ഇറക്കിയതിന്റെ കൂലി നൽകാത്തതിനെ തുടർന്നാണ് തർക്കം ഉണ്ടായതെന്നാണ് യൂണിയൻ പ്രതിനിധികൾ അറിയിച്ചതെന്നും ടി വിഷയത്തിൽ നാട്ടുകാരും ചുമട്ടുതൊഴിലാളികളും ഏർപ്പെട്ടിരുന്നുവെന്നും അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. തുടർന്ന് ഉണ്ടായ തർക്കത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ തർക്കത്തിൽ ഇടപെടുകയും പ്രശ്നം പരിഹരിക്കുകയും ചെയ്തു. പ്രസ്തുത പരാതിയിന്മേൽ ടി ചുമട്ടുതൊഴിലാളികൾക്കെതിരെ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 26(എ) കാർഡുള്ള 7 പേരെ നിർമ്മാണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | നടക്കുന്ന സ്ഥലത്ത് അതിക്രമിച്ച് കയറിയതിനും നാശനഷ്ടമുണ്ടാക്കിയതിനും Kerala Loading and Unloading(Regulation of Wages and Restriction of unlawful practices) Act, 2002 ലെ വകുപ്പ് 7 പ്രകാരം കുറ്റകൃത്യം ചെയ്തതായി രേഖപ്പെടുത്തുകയും നിയമവിരുദ്ധ പ്രവർത്തനം നടത്തിയതിന് ടി തൊഴിലാളികളുടെ ഹെഡ് ലോഡ് വർക്കേഴ്സ് റൂൾസ് പ്രകാരമുള്ള 26(എ) കാർഡ് താല്ക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനും അവരുടെ വിശദീകരണം തൃപ്തികരമല്ലെങ്കിൽ കാർഡ് റദ്ദ് ചെയ്യുന്നതിനും ചുമട്ടുതൊഴിലാളി റൂൾസ് 26(എ) പ്രകാരം നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | വെമ്പായം കുടവാക്കുഴി യൂണിറ്റിലെ ചുമട്ടുതൊഴിലാളികൾ വാഴയ്ക്കാട് വാർഡിൽ കെട്ടിട നിർമ്മാണ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു ലോഡ് കമ്പി വന്നതിനെ തുടർന്ന് തർക്കങ്ങൾ ഉണ്ടാക്കുകയും നാല് തൊഴിലാളികൾ 10,000 രൂപ നോക്കുകൂലി ആവശ്യപ്പെടുകയും പതിനഞ്ചോളം പേർ സംഘം ചേർന്നെത്തി ഭീഷണിപ്പെടുത്തി പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതായും തുടർന്ന് ടി തൊഴിലാളികൾ അക്രമാസക്തരാവുകയും റോഡ് കയ്യേറിയാണ് നിർമ്മാണം നടത്തുന്നതെന്ന് ആരോപിക്കുകയും ചെയ്തുവെന്നും അങ്ങനെയല്ല, തലേദിവസം വന്ന കമ്പി ലോഡ് ഇറക്കിയതിന്റെ കൂലി നൽകാത്തതിനെ തുടർന്നാണ് തർക്കം ഉണ്ടായതെന്നാണ് യൂണിയൻ പ്രതിനിധികൾ അറിയിച്ചതെന്നും ടി വിഷയത്തിൽ നാട്ടുകാരും ചുമട്ടുതൊഴിലാളികളും ഏർപ്പെട്ടിരുന്നുവെന്നും അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. തുടർന്ന് ഉണ്ടായ തർക്കത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ തർക്കത്തിൽ ഇടപെടുകയും പ്രശ്നം പരിഹരിക്കുകയും ചെയ്തു. പ്രസ്തുത പരാതിയിന്മേൽ ടി ചുമട്ടുതൊഴിലാളികൾക്കെതിരെ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 26(എ) കാർഡുള്ള 7 പേരെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലത്ത് അതിക്രമിച്ച് കയറിയതിനും നാശനഷ്ടമുണ്ടാക്കിയതിനും Kerala Loading and Unloading(Regulation of Wages and Restriction of unlawful practices) Act, 2002 ലെ വകുപ്പ് 7 പ്രകാരം കുറ്റകൃത്യം ചെയ്തതായി രേഖപ്പെടുത്തുകയും നിയമവിരുദ്ധ പ്രവർത്തനം നടത്തിയതിന് ടി തൊഴിലാളികളുടെ ഹെഡ് ലോഡ് വർക്കേഴ്സ് റൂൾസ് പ്രകാരമുള്ള 26(എ) കാർഡ് താല്ക്കാലികമായി |

| | | | |
|---|---|---|---|
| | | | സസ്പെൻഡ് ചെയ്യുന്നതിനും അവരുടെ വിശദീകരണം തൃപ്തികരമല്ലെങ്കിൽ കാർഡ് റദ്ദ് ചെയ്യുന്നതിനും ചുമട്ടുതൊഴിലാളി റൂൾസ് 26(എ) പ്രകാരം നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ